നം.എം.(2)/566714/2022/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 15/11/2022.
E-Mail: supdtm.dge@kerala.gov.in

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്) ഹിന്ദി, ഉറുദു, സംസ്കൃതം, അറബിക് കോഴ്സ് 2022-24 പ്രവേശനം - സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള 27/07/2022 ലെ വിജ്ഞാപനം.

****

2022-24 വർഷം ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഹിന്ദി, ഉറുദു, സംസ്കൃതം, അറബിക്) കോഴ്സുകളിലേക്ക് സർക്കാർ / സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന തിനായി സൂചന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിച്ചവരിൽ പ്രവേശനം ലഭിക്കുന്നതിന് അർഹരായവരുടെ പേരുവിവരവും, സ്ഥാപനങ്ങളുടെ പേരും ഉൾപ്പെട്ട വിശദമായ ലിസ്റ്റുകൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഹയർ സെക്കണ്ടറി/തത്തുല്യ പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെയും സാമുദായിക സംവരണ തത്വത്തിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനത്തിന് അർഹരായവരുടെ ലിസ്റ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ സർട്ടിഫിക്കറ്റുകളുടെ അസൽ അതാതു സ്ഥാപനങ്ങളിൽ പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രം പ്രവേശനം അനുവദിക്കാൻ സ്ഥാപന മേധാവി കൾ ശ്രദ്ധിക്കേണ്ടതാണ്. **ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സർട്ടിഫിക്കറ്റ് പരിശോധന യിൽ സൂചന വിജ്ഞാപന പ്രകാരമുള്ള യോഗ്യതകൾ ഇല്ലായെങ്കിൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കു ന്നതും പ്രവേശനം നിരസിക്കുന്നതുമാണ്.**

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ചുവടെ ചേർക്കുന്ന തീയതികളിൽ ബന്ധപ്പെട്ട സ്ഥാപന ത്തിൽ സർട്ടിഫിക്കറ്റുകളുടെ അസൽ, ടി.സി. മുതലായ രേഖകളുമായി നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്. അപേക്ഷകർക്ക് പ്രത്യേകമായി മെമ്മോ/കത്ത് അയയ്ക്കുന്നതല്ല. കോഴ്സിന്റെ കാലാവധി രണ്ട് വർഷമാണ്. സ്ഥാപനങ്ങൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം പ്രവേശനം നടത്തേണ്ടത്.

**ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഹിന്ദി, ഉറുദു, സംസ്കൃതം, അറബിക്)**

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ 2022 നവംബർ 19-നകം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്. ക്ലാസ്സുകൾ നവംബർ 21-ന് തന്നെ ആരംഭി ക്കേണ്ടതാണ്.

പൊതുനിർദ്ദേശങ്ങൾ:-

സൂചന വിജ്ഞാപനത്തിന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടായിരിക്കണം സ്ഥാപന മേധാവികൾ പ്രവേശനം നടത്തേണ്ടത്. വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പ്ലസ്ടുവിന് തുല്യമായ മറ്റ് കോഴ്സുകൾ പഠിച്ചിട്ടുള്ളവർ തുല്യതാ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ട താണ്. ഈ സർക്കുലർ പ്രകാരം നിശ്ചയിച്ചിട്ടുള്ള തീയതികളിൽ സ്ഥാപനങ്ങളിൽ ഹാജരായി പ്രവേശനം നേടാത്തവർക്ക് അവരുടെ അവസരം നഷ്ടമാകുന്നതാണ്. അപേക്ഷകരും, സ്ഥാപന മേധാവികളും ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതും അർഹരായ അപേക്ഷകരുടെ പ്രവേശനത്തിനുള്ള അവസരം നഷ്ടപ്പെടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)

ഉള്ളടക്കം:- തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റുകൾ.

സ്വീകർത്താവ്:-

1. പ്രിൻസിപ്പാൾ, ഗവ.ടി.ടി.ഐ നടക്കാവ്, കോഴിക്കോട്/മലപ്പുറം/കൊല്ലം.
2. ചീഫ് ഇൻസ്ട്രക്ടർ, ആർ.ഐ.എൽ.റ്റി, തിരുവനന്തപുരം/ജി.എച്ച്.ടി.ടി.ഐ., രാമവർമ്മപുരം, തൃശ്ശൂർ.
3. പ്രിൻസിപ്പാൾ, ഡയറ്റ്, വടകര, കോഴിക്കോട്.
4. പ്രിൻസിപ്പാൾ, മലബാർ ഹിന്ദി പ്രചാര കേന്ദ്രം, കൊണ്ടോട്ടി, മലപ്പുറം.
5. പെർഫക്ട് ഹിന്ദി ടി.ടി.ഐ., പെരിന്തൽമണ്ണ, മലപ്പുറം.
6. ഭാരത് ഹിന്ദി പ്രചാര കേന്ദ്രം, അടൂർ പത്തനംതിട്ട.

പകർപ്പ്:-

1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് പൂജപ്പുര, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
3. പൊതുവിദ്യാഭ്യാസ ഡയറക്ടർ/പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)/പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (അക്കാദമിക്)/ വിദ്യാഭ്യാസ ഉപഡയറക്ടർ (എംപ്ലോയ്മെന്റ്) - (സി.എ മുഖേന)
4. സ്റ്റോക്ക് ഫയൽ.